## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 915 29/09/2016 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീ-സർവ്വേ നടപടികൾ ആരംഭിച്ചതെന്നാണ്; നാളിതുവരെ എത്ര വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്; എത്ര വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാകാനുണ്ട്; | (എ) 06/10/1965 ലെ ജി.ഒ (എം.എസ്സ്) 781/65/ആർ.ഡി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിനായി കൈമാറിയിട്ടുണ്ട്. 783 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കാനുണ്ട്. |
| (ബി) റീ-സർവ്വേ നടപടികൾ പൂർത്തിയാകാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) റീ-സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിനായി നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;<br>(ഡി) റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി)<br>(ഡി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 409/2012/റവന്യൂ തീയതി 31/10/2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ നടപടികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ